**പതിനാലാം കേരള നിയമസഭ**

**ഇരുപത്തിരണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.263 12.01.2021 ൽ മറുപടിക്ക്

റാന്നി മണ്ഡലത്തിലെ ആർദ്രം പദ്ധതി

| ചോദ്യം<br>ശ്രീ. രാജു എബ്രഹാം: | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി റാന്നി നിയോജകമണ്ഡലത്തിൽ എന്തൊക്കെ വികസന പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | 1.റാന്നി താലൂക്കാശുപത്രിയിൽ ഒ പി ട്രാൻസ്സ്ഫർമേഷൻ പ്രവർത്തനങ്ങൾ നടന്നുവരുന്നു.<br>2.കിഫ്ബിയുമായി ചേർത്ത് 10 യൂണിറ്റുകളോട് കൂടിയ ഡയാലിസിസ് സെന്റർ സ്ഥാപിച്ചിട്ടുണ്ട്.<br>3.കിഫ്ബി പദ്ധതി പ്രകാരം റാന്നി താലൂക്കാശുപത്രിക്ക് 12.77 കോടി രൂപയുടെ ഭരണാനുമതി നിർമ്മാണപ്രവർത്തനങ്ങൾക്കായി നൽകിയിട്ടുണ്ട്.<br>4. ആർദ്രം ഒന്നാം ഘട്ടത്തിൽ വടശേരിക്കര, കോട്ടാങ്ങൽ എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറ്റുകയും ഡോക്ടർ, സ്റ്റാഫ് നഴ്സ്, ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്.<br>5. ആർദ്രം രണ്ടാം ഘട്ടത്തിൽ ചെറുകോൽ നാറാണമൂഴി, വെച്ചൂച്ചിറ, റാന്നി പഴവങ്ങാടി, എഴമറ്റൂർ എന്നീ ആരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറ്റുകയും അധിക തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്.<br>6. ആർദ്രം മൂന്നാം ഘട്ടത്തിൽ റാന്നി പെരുനാട് സാമൂഹികാരോഗ്യ കേന്ദ്രവും അവശേഷിക്കുന്ന മറ്റ് പ്രാഥമികാരോഗ്യ |

| | | | |
|---|---|---|---|
| | | | കേന്ദ്രങ്ങളും കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറ്റിയിട്ടുണ്ട്. |
| (ബി) | ഏതൊക്കെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെയാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയതെന്ന് അറിയിക്കുമോ; | (ബി) | ആർദ്രം ഒന്നാം ഘട്ടത്തിൽ വടശേരിക്കര, കോട്ടാങ്ങൽ എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയിട്ടുണ്ട്.<br><br>ആർദ്രം രണ്ടാം ഘട്ടത്തിൽ ചെറുകോൽ നാറാണമൂഴി, വെച്ചൂച്ചിറ, റാന്നി പഴവങ്ങാടി, എഴമറ്റൂർ എന്നീ സാമൂഹികാരോഗ്യ കേന്ദ്രങ്ങളെയും കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറ്റിയിട്ടുണ്ട്.<br><br>ആർദ്രം മൂന്നാം ഘട്ടത്തിൽ റാന്നി പെരുനാട് സാമൂഹികാരോഗ്യ കേന്ദ്രത്തെയും റാന്നി നിയോജക മണ്ഡലത്തിലെ അവശേഷിക്കുന്ന മറ്റ് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയും കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറ്റിയിട്ടുണ്ട്.<br><br>നിലവിൽ വടശേരിക്കര, കോട്ടാങ്ങൽ, ചെറുകോൽ എന്നീ കുടുംബാരോഗ്യ കേന്ദ്രങ്ങൾ പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാണ്. നാറാണമൂഴി, വെച്ചൂച്ചിറ, റാന്നി പഴവങ്ങാടി, എഴമറ്റൂർ എന്നിവിടങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. മൂന്നാം ഘട്ടത്തിൽ തിരഞ്ഞെടുത്ത സ്ഥാപനങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങളുടെ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (സി) | ഈ കേന്ദ്രങ്ങളിൽ നടപ്പാക്കിയ മറ്റ് അടിസ്ഥാന സൗകര്യ വികസനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (സി) | 1.ഒ.പി സേവനം വൈകുന്നേരം ആറ് മണിവരെ ദീർഘിപ്പിച്ചു.<br>2.രോഗീസൗഹൃദമായി, അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കി.<br>3.ഇ- ഹെൽത്ത് സംവിധാനം ഏർപ്പെടുത്തി.<br>4. ശ്വാസ് , ആശ്വാസ് എന്നീ |

| | | | |
|---|---|---|---|
| | | | സേവനങ്ങൾ ഏർപ്പെടുത്തി.<br>5. കൂടുതൽ ജീവനക്കാരെ നിയമിച്ചു.<br>6. മെച്ചപ്പെട്ട ലബോറട്ടറി സൗകര്യം ഏർപ്പെടുത്തി.<br>7. ആർദ്രം ജനകീയ ക്യാമ്പയിൻ നടപ്പിലാക്കി വരുന്നു. |

Hari

സെക്ഷൻ ഓഫീസർ